എസ്. എസ്. എൽ. സി. വിജയശതമാനം

8 (* 543) ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും എസ്.എസ്.എൽ.സി. ക്ക് എത്ര ശതമാനം വീരം പേർ വിജയിച്ചു ;

(ബി) വിജയശതമാനം അൻപതിൽ കവിയാത്തതിന്റെ കാരണം എന്താണെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(സി) സെക്കണ്ടറി സ്റ്റേജിൽ പഠന നിലവാരം കുറവായതുകൊണ്ടാണോ ഇപ്രകാരം സംഭവിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ)
1995 - 50. 58 %
1996 - 49. 35 %
1997 - 50. 83 %
1998 - 52. 23 %
1999 - 53. 1 %

(ബി) 1995, 1997, 1998, 1999 എന്നീ വർഷങ്ങളിൽ വിജയ ശതമാനം 50-ൽ കൂടിയിട്ടുണ്ട്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ വർഷങ്ങളിലായി വിജയ ശതമാനം ക്രമാനുഗതമായി കൂടിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

9 (*544) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേൽ നോട്ടത്തിൽ കുട്ടികൾക്കുവേണ്ടിയുള്ള രചനകളും കുട്ടികൾ എഴുതിയ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഇതിനകം എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കുട്ടികൾക്കുവേണ്ടി കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ):

(എ) കുട്ടികളുടെ സാംസ്ക്കാരികവും സർഗ്ഗാത്മകവും വൈജ്ഞാനികവുമായ വളർച്ചക്കും വികസനത്തിനും വേണ്ട വിവിധ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങളാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. കുട്ടികൾക്കുവേണ്ടി വിജ്ഞാനകോശങ്ങൾ, നിഘണ്ടുക്കൾ, പാഠ്യപദ്ധതിക്ക് അനുബന്ധമായ പുസ്തകങ്ങൾ, ബാലമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ഉണ്ട്. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനായി ലളിതമായ ഭാഷയിലും രീതിയിലും ശാസ്ത്രഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. കുട്ടികളെ അച്ചടിമാധ്യമവുമായി മാത്രമല്ല ഇലക്ട്രോണിക് മാധ്യമങ്ങളുമായി ബന്ധപ്പെടുത്താനുദ്ദേശിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സി-ഡിറ്റിന്റെ സഹായത്തോടെ മലയാളത്തിൽ ഒരു അനിമേഷൻ ചിത്രം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും നല്ല 100 ബാലകഥകൾ തെരഞ്ഞെടുത്ത് മാനവീയം സ്മാരകമായി ഒരു ആന്തോളജി പ്രസിദ്ധീകരിക്കുന്നതാണ്. അടുത്ത വർഷം എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുട്ടികൾക്ക് വേണ്ടിയുള്ള ചലച്ചിത്രോത്സവങ്ങൾ ചലച്ചിത്ര അക്കാദമിയുടെ സഹായത്തോടെ സംഘടിപ്പിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ടിന് പരിപാടിയുണ്ട്. കുട്ടികൾ എഴുതിയ രചനകൾക്ക് അവാർഡ് കൊടുക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) കുട്ടികൾ തന്നെ തയാറാക്കിയ മൂന്ന് പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. കുട്ടികൾക്കുവേണ്ടിയുള്ള രചനകളാണെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് 213 പുസ്തകങ്ങളും രണ്ട് ആഡിയോ കാസറ്റുകളും ഒരു വീഡിയോ കാസറ്റും കുട്ടികൾക്കുവേണ്ടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 122 പുസ്തകങ്ങൾ റീപ്രിന്റ് ചെയ്തിട്ടുണ്ട്. കൂടാതെ തളിര് എന്ന ബാലമാസിക മാസംതോറും കുട്ടികൾക്ക് വേണ്ടി പ്രസിദ്ധീകരിച്ചുവരുന്നു.

(ഇ) കുട്ടികൾക്കുവേണ്ടി ഗുണമേന്മയും വിലക്കുറവുമുള്ള പുസ്തകങ്ങൾ കഴിയാവുന്നത്ര പ്രസിദ്ധീകരിക്കണമെന്നാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly